100
ഒരു ജാതി ഒരു മതം ഒരു ദൈവം
കേരളകൗമുദി
1186 കുംഭം 29, 2011 മാർച്ച് 13 ഞായർ
മകയിരം 36-33 അഷ്ടമി 26-46
1932 ഫാൽഗുനം 22, 1432 റബീഉൽ ആഖിർ 8

ജപ്പാന് വീണ്ടും പരീക്ഷണകാലം

മനുഷ്യനുണ്ടാക്കുന്ന ഭൗതികനേട്ടങ്ങളുടെ നിസ്സാരത വെളിപ്പെടുത്തുന്നതാണ് ജപ്പാനിൽ വെള്ളിയാഴ്ചയുണ്ടായ പ്രകൃതിദുരന്തം. ശക്തമായ ഭൂകമ്പത്തെത്തുടർന്നുണ്ടായ സുനാമിയിൽ ജപ്പാന്റെ കിഴക്കൻ തീരത്തുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുക്കാൻപോലും ദിവസങ്ങൾ വേണ്ടിവരും. മുപ്പത് അടി ഉയരത്തിൽ കരയിലേക്ക് അടിച്ചുകയറിയ തിരമാലകൾ ഉള്ളതെല്ലാം നശിപ്പിച്ചുകൊണ്ടാണ് മുന്നോട്ടു പാഞ്ഞത്. ആയിരത്തിമുന്നൂറിലധികം പേരെങ്കിലും ദുരന്തത്തിനിരയായിട്ടുണ്ടെന്നാണ് പ്രാഥമിക കണക്ക്. എല്ലാം അറിഞ്ഞുവരുമ്പോൾ ഈ കണക്ക് ഏറെ ഉയർന്നെന്നു വരും. കടലിലും കരയിലും നാശം വിതച്ച രാക്ഷസത്തിരകളിൽപ്പെട്ട് കപ്പലും ബോട്ടുകളും മാത്രമല്ല, ഓടിക്കൊണ്ടിരുന്ന ബുള്ളറ്റ് ട്രെയിനും കാണാതായിട്ടുണ്ട്. തുറമുഖങ്ങളും വിമാനത്താവളങ്ങളും റെയിൽവേ സ്റ്റേഷനുകളും ബസ് ഡിപ്പോകളും വ്യവസായശാലകളുമൊക്കെ ഭയാനകമാംവിധം തകർന്നു കിടക്കുന്നതിന്റെ ചിത്രം ഞെട്ടലുണ്ടാക്കുന്നു.

ഭൂകമ്പങ്ങളും സുനാമിയും ജപ്പാനിൽ പതിവു സംഭവങ്ങളാണെങ്കിലും വെള്ളിയാഴ്ചത്തെ ദുരന്തം ഒന്നരനൂറ്റാണ്ടിനിടയിൽ ഉണ്ടായതിൽ വച്ചേറ്റവും രാക്ഷസീയമായിരുന്നുവെന്നാണ് റിപ്പോർട്ട്. ഭൂകമ്പത്തെ പ്രതിരോധിക്കാൻ പാകത്തിലുള്ള നിർമ്മാണവിദ്യ പണ്ടേ ശീലമാക്കിയ ജപ്പാനിൽ അതുകൊണ്ടുതന്നെ പാർപ്പിട കേന്ദ്രങ്ങൾക്കും മറ്റും വലിയ തോതിൽ നാശമുണ്ടായിട്ടില്ല. എന്നാൽ ഭൂകമ്പത്തിന്റെയും സുനാമിയുടെയും ഫലമായി പൊതുവസ്തുവകകൾക്കുണ്ടായ നാശം ചില്ലറയല്ല. അനേകം റോഡുകളും പാലങ്ങളും തകർന്നിട്ടുണ്ട്. മുന്നറിയിപ്പു ലഭിച്ചിരുന്നതിനാൽ ആണവനിലയങ്ങളെല്ലാം അടച്ചുപൂട്ടിയത് വലിയ ദുരന്തത്തിൽ നിന്ന് ജനങ്ങളെ രക്ഷിച്ചു. പസഫിക്കിലുണ്ടാകുന്ന ഭൂകമ്പവും സുനാമിയും പസഫിക് തീരത്തെ എല്ലാ രാജ്യങ്ങൾക്കും ഭീഷണിയാണ്. കൃത്യതയാർന്ന പ്രവചനങ്ങൾ ഉള്ളതിനാൽ എല്ലാ രാജ്യങ്ങളും തക്കസമയത്ത് മുൻകരുതലുകൾ എടുക്കാറുമുണ്ട്.

> **ആഗോള സാമ്പത്തിക മാന്ദ്യം ജപ്പാനെയും കാര്യമായി പിടിച്ചുലച്ചിരുന്നു. അതിൽ നിന്ന് കരകയറാനുള്ള തീവ്രശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കേ ഉണ്ടായ ഈ പ്രകൃതി ദുരന്തം ജാപ്പനീസ് സമ്പദ്വ്യവസ്ഥയ്ക്ക് കൂടുതൽ കനത്ത അടിയാണ്**

ഈ അടുത്തകാലംവരെ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ സാമ്പത്തിക ശക്തിയായിരുന്നു ജപ്പാൻ. ചൈനയുടെ കുതിച്ചുചാട്ടത്തോടെ ജപ്പാൻ മൂന്നാംസ്ഥാനത്തേക്ക് പിന്തള്ളപ്പെടുകയാണുണ്ടായത്. മൂന്നുവർഷം മുൻപുണ്ടായ ആഗോളസാമ്പത്തികമാന്ദ്യം ജപ്പാനെയും കാര്യമായി പിടിച്ചുലച്ചിരുന്നു. അതിൽ നിന്ന് കരകയറാനുള്ള തീവ്രശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കേ ഉണ്ടായ ഈ പ്രകൃതി ദുരന്തം ജാപ്പനീസ് സമ്പദ്വ്യവസ്ഥയ്ക്ക് കൂടുതൽ കനത്ത അടിയാണ്. വൈദ്യുതി വിതരണ ശൃംഖലകൾക്കുണ്ടായ തടസ്സം വ്യാവസായികോത്പാദനത്തെ പ്രതികൂലമായി ബാധിക്കും. സുനാമിബാധിത മേഖലകളിൽ നൂറുകണക്കിന് വ്യവസായശാലകളാണുള്ളത്.

ഏതു പ്രതിസന്ധിയും ധീരമായി നേരിടാനുള്ള ജാപ്പനീസ് ജനതയുടെ കഴിവ് ലോകം കണ്ടതാണ്. രണ്ടാം ലോകമഹായുദ്ധത്തിൽ തകർന്നു തരിപ്പണമായ ജപ്പാൻ എത്രവേഗമാണ് അമേരിക്ക കഴിഞ്ഞാൽ ലോകത്തെ രണ്ടാമത്തെ വലിയ സാമ്പത്തികശക്തിയായി വളർന്നത്. ഇപ്പോൾ തൊട്ടുമുന്നിൽ ചൈന ഉണ്ടെങ്കിലും കയറ്റുമതി രംഗത്ത് ജപ്പാനെ വെല്ലാൻ മറ്റാരുമില്ല എന്നതാണ് സ്ഥിതി. ഏതു വിഷമസന്ധിയും ക്ഷമാപൂർവം നേരിടാൻ വിശേഷസിദ്ധിയാർജ്ജിച്ചിട്ടുള്ള ജപ്പാൻകാർക്ക് സുനാമി സൃഷ്ടിച്ച കെടുതികൾ ചുരുങ്ങിയ കാലംകൊണ്ട് തരണം ചെയ്യാനാവുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

ലോകത്തിന്റെ ഏതു കോണിൽ എന്തു ദുരന്തമുണ്ടായാലും ഇന്ത്യക്കാർ ഉത്കണ്ഠാകുലരാകുക സ്വാഭാവികമാണ്. തൊഴിൽ തേടി ഇന്ത്യക്കാർ എത്താത്ത ഒരു സ്ഥലവും ഭൂമിയിലില്ല എന്നതാണ് കാരണം. ജപ്പാന്റെ വിവിധ നഗരങ്ങളിലായി കാൽലക്ഷത്തിലധികം ഇന്ത്യക്കാരുണ്ടെന്നാണ് വിദേശകാര്യ വകുപ്പിന്റെ കണക്ക്. സുനാമിയിൽ ഇന്ത്യക്കാർക്ക് ആർക്കെങ്കിലും അപകടമുണ്ടായതായി റിപ്പോർട്ടില്ല. രണ്ടേകാൽ ലക്ഷത്തിലധികംപേരെ നിമിഷനേരംകൊണ്ട് കൊന്നൊടുക്കിയ 2004 ഡിസംബർ 26-ലെ സുമാത്രാ ഭൂകമ്പത്തെത്തുടർന്നുണ്ടായ സുനാമിയുടെ നടുക്കുന്ന ഓർമ്മകൾ മലയാളികളുടെ മനസ്സിൽ ഇന്നുമുണ്ട്. നൂറിലധികംപേരെ ഇവിടെയും അന്ന് കടൽ കൊണ്ടുപോയി. ആറുവർഷം മുൻപുണ്ടായ ആ ദുരന്തത്തിനിരയായ കുടുംബങ്ങൾക്കുവേണ്ടി സർക്കാർ ഏറ്റെടുത്ത പുനരധിവാസ പദ്ധതികൾ ഇനിയും പൂർത്തിയായിട്ടില്ല. കേന്ദ്രത്തിൽ നിന്ന് ഇതിനായി ലഭിച്ച പണത്തിൽ ഇനിയും നല്ലൊരു പങ്ക് മിച്ചം കിടക്കുകയാണത്രേ. പ്രകൃതി കനിഞ്ഞതുകൊണ്ട് ഇന്ത്യൻ തീരങ്ങൾ ഇത്തവണ സുനാമി ഭീഷണിയിൽ നിന്നു രക്ഷപ്പെട്ടു.

തട്ടിക്കളിക്കുന്ന മോഹം, അഥവാ
കിത്താബിലില്ലാത്ത ക്രിയ

പ്രതിവാരചിന്തകൾ — അനിലൻ

കേരളത്തിൽ ഇപ്പോഴത്തെ ഏറ്റവും താരമൂല്യമുള്ള നേതാവാര് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേ പറയാനുള്ളൂ. വി.എസ്. അച്യുതാനന്ദൻ. പക്ഷേ, അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിക്കാരിൽ എല്ലാവരോടും ചോദിച്ചുകളയരുത്. എങ്കിൽ കുഴപ്പമാവും. ആ കുഴപ്പമാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

ഈ തിരഞ്ഞെടുപ്പിന് വി.എസിനെ മത്സരിപ്പിക്കണോ എന്ന കാര്യത്തിൽ എത്ര തലപുകഞ്ഞിട്ടും പാർട്ടിക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ല. ആൾ താരമൂല്യമുള്ള നേതാവാണ് എന്നതൊക്കെ ശരി. പ്രസംഗിക്കാനിറങ്ങിയാൽ കേരളത്തിലിന്ന് ആര് വരുന്നതിനേക്കാളും ആളുകൂടും. യോഗസ്ഥലത്ത് അദ്ദേഹത്തെ കണ്ടാൽ തന്നെ ആളുകൾ ഇളകും. അതൊക്കെ ശരി തന്നെ. എന്നുവച്ച് മത്സരിപ്പിച്ചാൽ എന്താകും അവസ്ഥ? പി.ബിക്ക് ഒരു തീരുമാനമെടുക്കാനാവാതെ കേന്ദ്ര കമ്മിറ്റിക്ക് വിട്ടു. കേന്ദ്ര കമ്മിറ്റി അത് സംസ്ഥാന കമ്മിറ്റിക്ക് വിട്ടു. സംസ്ഥാന കമ്മിറ്റി ജില്ലാ കമ്മിറ്റിക്ക് തട്ടി. മിടുക്കന്മാരാണ് ജില്ലാ കമ്മിറ്റിക്കാർ. അവർ അത് സംസ്ഥാന കമ്മിറ്റിക്ക് തന്നെ വീണ്ടും ചവിട്ടിവിട്ടിരിക്കുകയാണ്. സംസ്ഥാന കമ്മിറ്റി അത് വീണ്ടും കേന്ദ്രത്തിന് വിടുമോ എന്ന് അടുത്ത ദിവസങ്ങളിലറിയാം. കേരളത്തിലെന്നല്ല ലോകത്തെവിടെയെങ്കിലും ഇങ്ങനെയൊരു അവസ്ഥ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ എന്നറിയില്ല. ഏറ്റവും ജനപ്രിയ നേതാവിനെ മത്സരിപ്പിക്കാൻ പേടി.

രണ്ടുമാസം മുമ്പായിരുന്നെങ്കിൽ പാർട്ടിക്ക് ഇപ്പോഴത്തെ ആശയക്കുഴപ്പമുണ്ടാകുമായിരുന്നില്ല. വി.എസ് മത്സരിക്കുന്ന കാര്യത്തിൽ സംശയമില്ലാതെ ഒരു തീരുമാനമെടുക്കാൻ കഴിയുമായിരുന്നു. ജനുവരി 16-ന് കൊൽക്കത്തയിൽ പോളിറ്റ്ബ്യൂറോ യോഗം ചേർന്നപ്പോൾ വി.എസിനെ മുഖ്യമന്ത്രിസ്ഥാനത്ത് നിന്നല്ല, പാർട്ടിയിൽനിന്നുതന്നെ നീക്കം ചെയ്യണമെന്ന് ആവശ്യമുയർന്നു എന്നായിരുന്നു റിപ്പോർട്ട്. ശരിയാണോ എന്ന് കൃത്യമായി അറിയില്ല. പി.ബി അന്ന് പത്രങ്ങളിൽവന്ന മറ്റു പലതും നിഷേധിച്ചു എങ്കിലും ഇക്കാര്യം നിഷേധിക്കാത്തതിനാൽ ശരിയാകാനാണ് സാദ്ധ്യത. അല്ലെങ്കിലും ശരിയാകാതെ തരമില്ല. കാരണം വി.എസ് മുഖ്യമന്ത്രിക്കസേരയിൽ കയറിയശേഷമുള്ള കഴിഞ്ഞ അഞ്ചുവർഷവും അദ്ദേഹത്തെ വിമർശിക്കാതെ ഒരൊറ്റ സംസ്ഥാന സമിതിയോ സംസ്ഥാന സെക്രട്ടേറിയറ്റോ കടന്നുപോയിട്ടില്ല. വിഗ്രഹം ചുമക്കുന്ന കഴുത, കൂടം മുട്ടുമ്പോൾ തെറിക്കുന്ന കീടം, ഒറ്റുകാരൻ തുടങ്ങിയ സുന്ദരകോമള പദാവലികളുപയോഗിച്ചാണ് മുഖ്യമന്ത്രിയെ വിശേഷിപ്പിച്ചിരുന്നത്. പാർട്ടിയിൽനിന്ന് പുറത്താക്കണമെന്നത് മിനിമം ആവശ്യമായിരുന്നു. ആ നിലയ്ക്ക് പി.ബിയിലും അത് ഉയർന്നെങ്കിൽ സ്വാഭാവികമെന്നേ കരുതേണ്ടതുള്ളൂ. പക്ഷേ, വിധിയുടെ വിളയാട്ടം എന്നു തന്നെ പറയണം. ഒന്നിന് പിറകെ ഒന്നായി ചില അദ്ഭുതങ്ങളുണ്ടാവുന്നതാണ് നാം പിന്നീട് കണ്ടത്.

മുസ്ലിംലീഗ് ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി ഒരു ദിവസം രാവിലെ വെളിപാടുണ്ടായതുപോലെ ഉറക്കമെണീറ്റ് ചെന്നിരുന്ന് പത്രസമ്മേളനം നടത്തി. അദ്ദേഹത്തിന്റെ അളിയൻ അദ്ദേഹത്തെ കൊല്ലാൻവരുന്നു എന്ന്. അതോടെ ഐസ്ക്രീം കേസ് രണ്ടാമതും പൊട്ടി യു.ഡി.എഫിന്റെ തലയിൽ വീണു. കുഞ്ഞാലിക്കുട്ടിയും റൗഫും തമ്മിലുള്ള കച്ചവടത്തിൽ മുഖ്യമന്ത്രിക്ക് എന്താണ് പങ്ക് എന്ന് പിടിയില്ല. പക്ഷേ, അതിന്റെ ക്രെഡിറ്റ് മുസ്ലിംലീഗ് തന്നെ മുഖ്യമന്ത്രിക്ക് ചാർത്തിക്കൊടുത്തു. തൊട്ടുപിന്നാലെ ഇടമലയാർ കേസിൽ ആർ. ബാലകൃഷ്ണപിള്ള അകത്തായി. വി.എസ് കൊടുത്ത അപ്പീലാണ് സുപ്രീംകോടതിയിൽ കേസായതെങ്കിലും അതിന്റെ വിധി ഇപ്പോൾ തന്നെ കിറുകൃത്യമായി വന്നതാണ് അദ്ഭുതം. പത്തുപതിനഞ്ചു വർഷമായി നടക്കുന്ന കേസിന്റെ വിധി ഒന്നുരണ്ടുമാസം മുമ്പോ പിമ്പോ ആകാമായിരുന്നു. എങ്കിൽ സംഗതി മാറിപ്പോകുമായിരുന്നു. ഇതിനിടയിൽ സ്മാർട്ട് സിറ്റി കരാർ ഒപ്പുവച്ചു. അസാദ്ധ്യമെന്ന് കരുതിയിരുന്ന കാര്യമായിരുന്നു അത്. വി.എസ് പിടിച്ചിടത്ത് കാര്യങ്ങൾ വന്നുനിന്നതുകണ്ടപ്പോൾ അദ്ദേഹത്തിന്റെ രാശി ഒന്നു പരിശോധിപ്പിക്കേണ്ടതാണെന്ന് പാർട്ടിക്കാർക്കുപോലും തോന്നിത്തുടങ്ങി. ഇല്ലെങ്കിൽ അടിക്കടി ഇങ്ങനെ കയറ്റമുണ്ടാവുമോ? അദ്ഭുതത്താൽ ഇങ്ങനെ സ്തംഭിച്ചിരിക്കുമ്പോഴാണ് ചത്തുകിടന്ന പാമോയിൽ കേസിൽ അതാ ഒരു വഴിത്തിരിവ്! ഉറങ്ങിക്കിടന്നിരുന്ന ടി.എച്ച്. മുസ്തഫയും പഴയ അഡിഷണൽ ചീഫ് സെക്രട്ടറി സഖറിയാ മാത്യുവും പ്രതിസ്ഥാനത്തുനിന്ന് തങ്ങളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കോടതിയിൽ ഹർജി നൽകി. നിരുപദ്രവമായ കാര്യമാണെന്ന് ഒറ്റ നോട്ടത്തിൽ തോന്നാമെങ്കിലും അത് കൊണ്ടുകയറിയത് ഉമ്മൻചാണ്ടിയുടെ മേലാണ്. ഉമ്മൻചാണ്ടി പാമോയിൽ കേസിൽ പ്രതിയാകുമെന്ന അവസ്ഥ വന്നു. സത്യത്തിൽ മുസ്തഫയും സഖറിയാ മാത്യുവും ഹർജി നൽകിയത് വി.എസ് സ്വപ്നത്തിൽപ്പോലും അറിഞ്ഞ കാര്യമല്ലെങ്കിലും പാമോയിൽ കേസ് വി.എസിന്റെ വകയായതിനാൽ അതിന്റെ ക്രെഡിറ്റും ഓട്ടോമാറ്റിക്കായി അദ്ദേഹത്തിന്മേൽ വന്നു. അതോടെ വി.എസിനെ പിടിച്ചാൽ കിട്ടാത്ത അവസ്ഥയായി. ലോക്സഭാ തിരഞ്ഞെടുപ്പിലും പഞ്ചായത്ത് തിരഞ്ഞെടുപ്പിലും ഭംഗിയായി തോറ്റ് സെക്രട്ടേറിയറ്റിൽനിന്ന് ഇടതുമുന്നണിക്കാർ പായമടക്കി ഇറങ്ങാൻ തുടങ്ങുമ്പോഴായിരുന്നു വി.എസിന്റെ പേരിലുള്ള ഈ വെടിക്കെട്ടെല്ലാമുണ്ടായത്. അതോടെ ഇടതുമുന്നണിക്ക് നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരു കൈ നോക്കാമെന്ന ആശ വന്നു. യഥാർത്ഥത്തിൽ ഇടതുമുന്നണിയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നുമല്ല ഈ വെടിക്കെട്ടിൽവന്നത്. പല കാലത്ത് വി.എസ് കുഴിച്ചിട്ട വാഴകൾ ഒന്നിച്ചുകുലച്ചു എന്നേയുള്ളൂ. അങ്ങനെയാണ് പാർട്ടിയിൽനിന്ന് കളയണമെന്ന് സംസ്ഥാന കമ്മിറ്റിയും സംസ്ഥാന സെക്രട്ടേറിയറ്റും കേന്ദ്ര കമ്മിറ്റിയുമൊക്കെ ആവശ്യപ്പെട്ടിരുന്ന വി.എസിനെവച്ച് തിരഞ്ഞെടുപ്പ് നേരിട്ടാലോ എന്നൊരു മോഹം പാർട്ടിയിൽ മൊട്ടിട്ടത്. ആ മോഹമാണിപ്പോൾ മുകളിൽനിന്ന് താഴേക്കും താഴെ നിന്ന് മുകളിലേക്കുമായി തട്ടിക്കളിക്കുന്നത്. വിഴുങ്ങാനും വയ്യ, തുപ്പാനും വയ്യാത്ത അവസ്ഥ. ശരിയായ പാർലമെന്ററി വ്യാമോഹം.

■ ■

സി.പി.എമ്മിനെപ്പോലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ഒരു രീതിയുണ്ടെന്നാണ് കേട്ടിരിക്കുന്നത്. തീരുമാനം മുകൾകമ്മിറ്റികൾ എടുക്കും. കീഴ്ഘടകങ്ങൾ അംഗീകരിക്കും. ഇഷ്ടമാണോ അല്ലയോ എന്നതൊന്നും വിഷയമല്ല. അംഗീകരിച്ചിരിക്കണം. മുകൾകമ്മിറ്റി തീരുമാനത്തെ നിരാകരിക്കാനും എതിർക്കാനും ചോദ്യം ചെയ്യാനും കീഴ്ഘടകങ്ങൾക്ക് അവകാശമില്ലെന്നല്ല. അവകാശമുണ്ട്. പക്ഷേ, എതിർക്കുന്നവൻ അതുവഴി പാർട്ടിയിൽനിന്ന് പുറത്തിറങ്ങി വീട്ടിൽപ്പോയാൽ മതി. അതാണ് അവിടത്തെ ജനാധിപത്യം. കേന്ദ്രീകൃത ജനാധിപത്യം എന്നും ഇതിനെ വിളിക്കാം. അതനുസരിച്ച് വി.എസ്. അച്യുതാനന്ദൻ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കണോ എന്ന് പി.ബിയാണ് തീരുമാനിക്കേണ്ടത്. കേന്ദ്രകമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും അത് അംഗീകരിക്കേണ്ട കാര്യമേ ഉള്ളൂ. പക്ഷേ, പി.ബിയും കേന്ദ്ര കമ്മിറ്റിയും അത് ചെയ്തില്ല. പകരം അത് താഴേക്ക് വിട്ടു. ഇപ്പോൾ താഴെനിന്ന് മുകളിലേക്ക്. അപ്പോൾ ഇതെന്താ വികേന്ദ്രീകൃത ജനാധിപത്യമോ?

കഴിഞ്ഞ തവണയും വി.എസിന്റെ കാര്യത്തിൽ കിത്താബിൽ ഇല്ലാത്ത ചില ക്രിയകൾക്കുശേഷമാണ് കാര്യം നടന്നത്. പി.ബി ആദ്യം വി.എസിനെ സ്ഥാനാർത്ഥിയാക്കണ്ട എന്ന് തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയും അതുതന്നെ തീരുമാനിച്ചു. അപ്പോൾ നാട്ടിൽ പലേടത്തും പ്രകടനം നടന്നു. ജില്ലാ കമ്മിറ്റികൾ മറിച്ച് പ്രമേയം പാസാക്കി. പത്രങ്ങൾ എഴുതി. അതോടെ പി.ബി തീരുമാനം മാറ്റി. നല്ല ഒന്നാന്തരം നേതൃത്വമാണ് സി.പി.എമ്മിനെന്ന് അന്നേ തോന്നിയിരുന്നു. ഉറച്ച തീരുമാനം തന്നെയാണ് എടുത്തുകളയുന്നത്. എപ്പോൾ വേണമെങ്കിലും മാറ്റാം! അതുപോലെ സ്വന്തം പാർട്ടിയെയും നേതാക്കളെയും കുറിച്ച് നേതൃത്വത്തിന് നല്ല ധാരണയും!

ഇപ്പോഴും സംഭവിച്ചിരിക്കുന്നത് അതുതന്നെ. 'ഞങ്ങളായിട്ട് തീരുമാനമെടുക്കുന്നില്ല, നിങ്ങളെടുത്തോ' എന്നു പറഞ്ഞാണ് പി.ബി കൈകഴുകുന്നത്. ഇന്ത്യയിൽ വിപ്ളവം വരാത്തത് മഹാഭാഗ്യമെന്ന് കരുതണം. അല്ലെങ്കിൽ ഈ നേതാക്കളെവച്ച് നാമെന്ത് ചെയ്യും?

anilankaumudi@gmail.com

സ്ഥാനാർത്ഥി ചെലവാക്കാവുന്ന തുക 16 ലക്ഷം
ആർഭാടം കാട്ടിയാൽ ആപത്താവും

പ്രത്യേക ലേഖകൻ

തിരുവനന്തപുരം : ചെലവിന്റെ കാര്യത്തിൽ സ്ഥാനാർത്ഥികൾ ഇത്തവണ വെള്ളം കുടിക്കും.

തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചെലവാക്കുന്ന ഓരോ ചില്ലിക്കാശിനും കണക്ക് കാണിക്കണം. ഒരു സ്ഥാനാർത്ഥിക്ക് ഇത്തവണ ചെലവാക്കാവുന്ന തുക 16 ലക്ഷമാണ്.

പത്രങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലും സ്ഥാനാർത്ഥികളെക്കുറിച്ച് വരുന്ന ഓരോ വാർത്തയും നിരീക്ഷണത്തിലാക്കും. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറും മുതിർന്ന മാദ്ധ്യമപ്രവർത്തകനോ റിട്ടയേഡ് ജില്ലാ ജഡ്ജിയോ രാഷ്ട്രീയ പാർട്ടികളുമായി ബന്ധമില്ലാത്ത അറിയപ്പെടുന്ന വ്യക്തിയോ അംഗമായുള്ള സമിതി ഇതിനായി രൂപീകരിക്കും.

ഓരോ ദിവസത്തെയും വാർത്തകൾ ഈ സമിതി വിലയിരുത്തും. 'പെയ്ഡ് ന്യൂസ്' എന്ന് കാണുന്ന വാർത്തകളെ ഈ സമിതി ഓരോ മണ്ഡലത്തിലെയും തിരഞ്ഞെടുപ്പ് ഒബ്സർവർക്ക് കൈമാറും. അന്തിമ തീരുമാനമെടുക്കുക നിരീക്ഷകർ ആയിരിക്കും. 'പെയ്ഡ് ന്യൂസ്' എന്ന് ബോദ്ധ്യപ്പെട്ടാൽ പത്രങ്ങളിലാണെങ്കിൽ അച്ചടിച്ച സ്ഥലത്തിന്റെ പരസ്യനിരക്ക് കണക്കാക്കി ചെലവിലേക്ക് മാറ്റും. ദൃശ്യമാദ്ധ്യമങ്ങളിലാണെങ്കിൽ വാർത്ത വന്ന സമയത്തിന്റെ നിരക്ക് നിശ്ചയിക്കും.

വി.വി.ഐ.പി പ്രചാരണങ്ങളെയും ഈ നിയന്ത്രണം ബാധിക്കും. വി.വി.ഐ.പി എത്ര സ്ഥാനാർത്ഥികളുടെ പ്രചാരണത്തിനാണോ വരുന്നത് യാത്രാ ചെലവിന്റെ 50 ശതമാനം തുല്യമായി വീതിച്ച് ഓരോ സ്ഥാനാർത്ഥിയുടെയും അക്കൗണ്ടിൽ ഉൾക്കൊള്ളിക്കും. മാത്രമല്ല, വി.വി.ഐ.പി പ്രസംഗിക്കുന്ന വേദി അളന്ന് തിട്ടപ്പെടുത്തും. കേൾവിക്കാർക്ക് ഇരിക്കാൻ ഉപയോഗിച്ച കസേരകളുടെ എണ്ണം കണക്കാക്കി ചെലവ് നിശ്ചയിക്കും. സമ്മേളന സ്ഥലത്ത് സ്ഥാനാർത്ഥിയുടെ പോസ്റ്ററോ കട്ടൗട്ടുകളോ വച്ചാൽ ഓരോന്നിന്റെയും നിരക്ക് നിശ്ചയിച്ച് അതും ചെലവിന്റെ പട്ടികയിൽ ഉൾപ്പെടുത്തും.

ഈ 19ന് പെയ്ഡ് ന്യൂസ് നിർണയിക്കുന്ന സമിതികൾ നിലവിൽ വരും. അതിനുശേഷം സ്ഥാനാർത്ഥികളെ പുകഴ്ത്താൻ പാടില്ല. മണ്ഡലങ്ങളിൽ ചെയ്ത വികസന പ്രവർത്തനങ്ങൾ എണ്ണിയെണ്ണി പറഞ്ഞാൽ കുടുങ്ങും. ഇത് വാർത്തകളായാൽ കുടുങ്ങുന്നത് സ്ഥാനാർത്ഥിയായിരിക്കും.

സ്ഥാനാർത്ഥികൾ ഓരോ ദിവസത്തെയും ചെലവിന്റെ കണക്ക് സൂക്ഷിക്കണം. തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഉദ്യോഗസ്ഥർ ഓരോ സ്ഥാനാർത്ഥിക്കുമായി ഒരു 'ഷാഡോ രജിസ്റ്റർ' തയ്യാറാക്കും. സ്ഥാനാർത്ഥിയുടെ കണക്കുബുക്കിലെ ചെലവും 'ഷാഡോ രജിസ്റ്ററി'ലെ ചെലവും തമ്മിൽ അന്തരമുണ്ടായാൽ ഒബ്സർവർ അന്തിമ കണക്ക് തീരുമാനിക്കും. തിരഞ്ഞെടുപ്പ് പ്രചാരണം അവസാനിക്കുമ്പോൾ ചെലവ് 16 ലക്ഷം കവിഞ്ഞാൽ അയോഗ്യതയ്ക്കുള്ള ശിക്ഷ തിരഞ്ഞെടുപ്പ് കമ്മിഷൻ തീരുമാനിക്കും.

പിന്തുണ മത്സ്യത്തൊഴിലാളി ക്ഷേമത്തിന് നിലകൊള്ളുന്നവർക്ക്

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നവർക്കു മാത്രമേ പിന്തുണ നൽകൂ എന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ അറിയിച്ചു. എല്ലാ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ പട്ടികയിൽപ്പെടുത്തുക, ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ തൊഴിലാളികൾക്കും കടാശ്വാസപദ്ധതി ലഭ്യമാക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

സംസ്ഥാന പ്രസിഡന്റ് ടി. പീറ്റർ, ജനറൽ സെക്രട്ടറി പി.പി. ജോൺ, ജാക്സൺ പൊള്ളയിൽ, എസ്. സ്റ്റീഫൻ, വലേറിയൻ ഐസക്, ആന്റോ ഏലിയാസ്, ജെ.പി. ജോൺ എന്നിവർ പങ്കെടുത്തു.

ബി.എസ്.പി എല്ലാ സീറ്റിലും

കോഴിക്കോട്: നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.എസ്.പി 140 മണ്ഡലങ്ങളിലും മത്സരിക്കുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഗഫൂർ പുതുപ്പാടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സ്ഥാനാർത്ഥികളെ മാർച്ച് 18ന് കൊച്ചിയിൽ ദേശീയ ജനറൽ സെക്രട്ടറി ഡോ. സുരേഷ്മനേയും ദേശീയ സെക്രട്ടറി പ്രമോദ് കുരീൽ എം.പിയും പ്രഖ്യാപിക്കും.

കാൻഷിറാമിന്റെ ജൻമദിനാഘോഷത്തിന്റെ ഭാഗമായി 15ന് കോഴിക്കോട്ട് പാർട്ടി സംഗമം നടത്തും.

ശിവസേനയുടെ 20 സ്ഥാനാർത്ഥികളായി

കൊച്ചി: നിയമസഭാ തിരഞ്ഞെടുപ്പിൽ 44 മണ്ഡലങ്ങളിൽ മത്സരിക്കുന്ന ശിവസേന 20 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

പള്ളിക്കൽ സുനിൽ (നേമം), പെരിങ്ങമല അജി (വട്ടിയൂർക്കാവ്) തുടങ്ങിയവർ സ്ഥാനാർത്ഥികളാണ്. 24 പേരുടെ പട്ടിക 17 ന് പുറത്തിറക്കുമെന്ന് സംസ്ഥാന മീഡിയ സെൽ ചെയർമാൻ അഡ്വ. പേരൂർക്കട ഹരികുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു.

എസ്.യു.സി.ഐ 26 സീറ്റിൽ

തിരുവനന്തപുരം: നിയമസഭാ തിരഞ്ഞെടുപ്പിൽ എസ്.യു.സി.ഐ 26 സീറ്റിൽ മത്സരിക്കും. കേരളത്തിലെ സാധാരണക്കാരുടെ പ്രശ്നങ്ങളുമായി മുന്നോട്ടുപോവുക എന്ന നയമാണ് ഈ തിരഞ്ഞെടുപ്പിലും സ്വീകരിക്കുകയെന്ന് സംസ്ഥാന സെക്രട്ടറി സി.കെ. ലൂക്കോസ് പത്രസമ്മേളനത്തിൽ അറിയിച്ചു.

രമേശ് ഉമ്മൻചാണ്ടിയുടെ പകരക്കാരൻ: ചന്ദ്രചൂഡൻ

തിരുവനന്തപുരം: പാമോയിൽ കേസിൽ ഉമ്മൻചാണ്ടി പ്രതിപ്പട്ടികയിൽ വരുമെന്ന സംശയത്തിലാണ് പൊടുന്നനെ രമേശ് ചെന്നിത്തല മത്സരരംഗത്തിറങ്ങിയതെന്ന് ആർ.എസ്.പി ദേശീയ ജനറൽ സെക്രട്ടറി പ്രൊഫ. ടി.ജെ. ചന്ദ്രചൂഡൻ പറഞ്ഞു. കേസരി സ്മാരക ട്രസ്റ്റിന്റെ ജനവിധി പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഴിമതിയുമായി ബന്ധപ്പെട്ട് ഏതുനിമിഷവും നേതാക്കൾ ജയിലിലാകാവുന്ന സാഹചര്യമാണ് യു.ഡി.എഫിൽ. ഈ അവസ്ഥയിൽ പകരക്കാരെ കണ്ടെത്താനുള്ള ശ്രമങ്ങളാണ് സ്ഥാനാർത്ഥിപ്പട്ടിക വൈകാനിടയാക്കുന്നത്. ഉമ്മൻചാണ്ടിയുടെ പകരക്കാരനായാണ് രമേശ് ചെന്നിത്തല മത്സരരംഗത്തു വന്നിരിക്കുന്നത്. ചിലർ കുടുംബത്തിൽ നിന്നു തന്നെ പകരക്കാരെ രംഗത്തിറക്കിയിരിക്കുന്നു.

സീറ്റിന്റെ കാര്യത്തിൽ ആർ.എസ്.പിക്ക് ഇടതുമുന്നണിയുമായി അഭിപ്രായവ്യത്യാസമുണ്ടെന്ന് ചന്ദ്രചൂഡൻ പറഞ്ഞു. അടിക്കടിയുണ്ടായിട്ടുള്ള പിളർപ്പുകൾ ആർ.എസ്.പിക്ക് ക്ഷീണം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാവാം തങ്ങൾക്ക് അർഹതപ്പെട്ട സീറ്റുകളുടെ കാര്യത്തിൽ എൽ.ഡി.എഫ് പിന്നാക്കം പോകുന്നത്. പാവങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരികൊടുക്കുന്നതിനുപോലും തടയിട്ടവരാണ് യു.ഡി.എഫിനെ നയിക്കുന്നത്. മാണിയുമായുള്ള തർക്കം തീർക്കാൻ കുഞ്ഞാലിക്കുട്ടിയെ കൊണ്ടുവന്നത് കോൺഗ്രസിന്റെ കഴിവുകേടാണ്. വർഗീയ കക്ഷികളെ പ്രീണിപ്പിക്കുന്ന നയമാണ് യു.ഡി.എഫിനുള്ളതെന്ന് പറഞ്ഞ ചന്ദ്രചൂഡൻ അബ്ദുൾ നാസർ മഅ്ദനിക്കു നൽകിയ സ്വീകരണത്തിൽ ആർ.എസ്.പി മന്ത്രിയും പങ്കെടുത്തുവല്ലോ യെന്ന ചോദ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറി. അക്കാര്യം തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താൻ മത്സരരംഗത്തില്ലെന്നും ചെറുപ്പക്കാർക്ക് പാർട്ടിയിൽ കൂടുതൽ പ്രാമുഖ്യം നൽകേണ്ടതുണ്ടെന്നും ചന്ദ്രചൂഡൻ അഭിപ്രായപ്പെട്ടു.

പുതുമുഖങ്ങൾക്ക് ആർ.എസ്.പി മതിയായ പ്രാതിനിധ്യം നൽകുന്നില്ലല്ലോ എന്ന ചോദ്യത്തിന് മറുപടി ഇങ്ങനെ: 'ചെറുപ്പം മാത്രം നോക്കിയാൽ പോരാ. കഴിവും വേണം. വലിയ പാർട്ടികളിൽ പ്രവർത്തിച്ചു മോഹഭംഗം വന്നവരാണ് കൂടുതലായും ആർ.എസ്.പിയിലേക്കു വരുന്നത്.'

ബ്ലാക്ക് & വൈറ്റ്

വോട്ടും വൈജയന്തിമാലയും

പി. സനിൽകുമാർ

കേരള നിയമസഭയിലേക്കോ പാർലമെന്റിലേക്കോ ഇന്നേവരെ വോട്ടു ചെയ്തിട്ടില്ലെങ്കിലും തമിഴ്നാട്ടിൽ നിന്ന് വൈജയന്തിമാല പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ടതിനു പിന്നിൽ തന്റെ വോട്ടുമുണ്ടെന്ന ചരിത്രസത്യം കല്പനയ്ക്ക് ആവേശമാണ്.

ചെന്നൈയിൽ വോട്ടർപട്ടികയിൽ പേരുചേർത്ത് 'ആഘോഷപൂർവം' ആയിരുന്നു താമസം. 1984ലെ പാർലമെന്റ് ഇലക്ഷനിൽ ചെന്നൈ സൗത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി വൈജയന്തിമാലയായിരുന്നു. അന്നും ഇന്നും രാഷ്ട്രീയം തന്നെ തൊട്ടുതീണ്ടിയിട്ടില്ലെന്ന് കല്പന ആണയിടുന്നു. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ഒരു ജാഥയ്ക്കുള്ള ആളുകൾ വീട്ടിലെത്തി. വാതിൽ തുറന്നപ്പോൾ വൈജയന്തിമാല തൊഴുകൈയോടെ ചിരിതൂവി നിൽക്കുന്നു. അവർ പോയപ്പോൾ കല്പനയുടെ അമ്മ വൈജയന്തിക്ക് വോട്ടു ചെയ്യണമെന്ന് നിർദ്ദേശിച്ചു. അമ്മയുടെ നിർബന്ധപ്രകാരം വോട്ട് ചെയ്തു. വൈജയന്തിമാല ജയിച്ചപ്പോൾ സന്തോഷമായി- കന്നിവോട്ടിന് ഫലമുണ്ടായല്ലോ.

ആലപ്പുഴയിൽ താമസമാക്കി എട്ടുവർഷം പിന്നിട്ടിട്ടും കല്പനയുടെ പേര് വോട്ടർപട്ടികയിലില്ല. പേര് ഇവിടേക്ക് മാറ്റാൻ രമേശ് ചെന്നിത്തല ഉൾപ്പെടെ പലരും ആവശ്യപ്പെട്ടെങ്കിലും കല്പന കുലുങ്ങിയില്ല. കാരണം തേടിയപ്പോൾ ആലപ്പുഴയിലെ വീടിനു സമീപത്തെ ഒഴുക്കു നിലച്ച കാനയിലേക്ക് ചൂണ്ടിയായിരുന്നു മറുപടി. ഈ കാനയൊന്നു വൃത്തിയാക്കാൻപോലും സാധിക്കാത്തവർക്ക് എന്തിനാണ് വോട്ട്? കല്പനയോട് മുഖ്യമന്ത്രി ആരാകണമെന്ന് ചോദിച്ചപ്പോൾ ഇങ്ങനെ- 'ഞങ്ങളുടെ മുഖ്യമന്ത്രി ഇന്നസെന്റ് തന്നെ'.